**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 585** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>നിലമ്പൂർ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) ഓഫീസ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** നിലമ്പൂർ നിയോജകമണ്ഡലത്തിലെ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) ഓഫീസ് ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഓഫീസ് നിലമ്പൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. നിലമ്പൂർ സർക്കിൾ സഹകരണ യൂണിയൻ ഭൂമിയും കെട്ടിടവും വാങ്ങുകയും ആയതിൽ ടി ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള അറ്റകുറ്റപണികൾ പുരോഗമിച്ച് വരുകയുമാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഓഡിറ്റ് ഓഫീസ് സർക്കിൾ സഹകരണ യൂണിയൻ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** ലോവർ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി അംഗീകരിച്ച സെലക്ട് ലിസ്റ്റ് വിജ്ഞാപനം ചെയ്ത ശേഷം ടി സെലക്ട് ലിസ്റ്റിൽ നിന്നും പ്രൊമോഷൻ നൽകുന്നതിനും സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുകയാണ്.

**സെക്ഷൻ ഓഫീസർ**